**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ; | (എ) | കോവിഡ്-19 മഹാമാരിയുടെ ഒന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു. വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഫിക്സഡ് ചാർജിൽ മൂന്ന് മാസം ഇളവു നൽകുകയും ഹോംസ്റ്റേകൾക്ക് റസിഡൻഷ്യൽ കാറ്റഗറിയിലാക്കി കെട്ടിട നികുതി ഇളവു നൽകുകയും ഡി.റ്റി.പി.സി.ക്ക് പാട്ടത്തുക അടയ്ക്കേണ്ട സ്ഥാപനങ്ങൾക്ക് അടഞ്ഞു കിടന്ന കാലയളവിൽ പാട്ടതുക ഒഴിവാക്കി നൽകുകയും ചെയ്തു. രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുവാൻ 2021-22-ലെ പുതുക്കിയ ബജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജ് തയ്യാറായി വരുന്നുണ്ട്. കേരളത്തിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രത്യേക വിപണന പ്രചാരണ പരിപാടികളും നടത്തുന്നതാണ്. |
| (ബി) | പ്രസ്തുത മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട് പ്രതിസന്ധിയിലായ തൊഴിലാളികൾക്ക് അടിയന്തര സഹായം നല്കുമോ; വിശദീകരിക്കുമോ; | (ബി) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനരഹിതരായ സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുമാർക്ക് ഒറ്റത്തവണ ഗ്രാന്റായി പതിനായിരം രൂപ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കേരള ബാങ്ക് വഴി മുപ്പതിനായിരം രൂപ വരെയുള്ള ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം" നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന റിസോർട്ടുകൾ, റസ്റ്റോറന്റുകൾ, പുരവഞ്ചികൾ തുടങ്ങിയവ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുമോ; വിശദീകരിക്കുമോ? | (സി) | കോവിഡ് നിമിത്തം പ്രതിസന്ധിയിലായ റിസോർട്ടുകൾ, റസ്റ്റോറന്റുകൾ, പുരവഞ്ചികൾ എന്നിവ ഉൾപ്പെടെയുള്ള യൂണിറ്റുകൾക്ക് ആശ്വാസമേകുന്നതിനായി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ